ഈ കോസ്വേ നിർമ്മാണം കേന്ദ്ര ഗവൺമെൻറിൻെറ സി. ആർ. എഫ് സ്കീമിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കാൻ കഴിയും. നമുക്കറിയാം ഓരോ വർഷവും ബഡ്ജറ്റ് തുകയിൽ ഒതുങ്ങി നിൽക്കാതെ ഭീമമായ വർദ്ധനവാണ് ഓരോ വർക്കുകൾക്കുമുണ്ടാകുന്നത്. ബഡ്ജറ്റിൽ തുക കുറവായതുകൊണ്ട് വലിയ തുകകൾ വേണ്ടിവരുന്ന വർക്കുകൾ ഏറെടുക്കാൻ നാം വിചാരിച്ച രീതിയിൽ കഴിയാത്ത ബുദ്ധിമുട്ട് വരുന്നുണ്ട്. ഇതിനുവേണ്ടി ഫണ്ട്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകാൻ തയ്യാറായിട്ടുണ്ട്. ഏതാണ്ട് 7% വരെ കമ്മേഴ്സ്യലായി ടോൾ പിരിക്കാവുന്ന രീതിയിൽ തുക തിരിച്ചടയ്ക്കാവുന്ന പദ്ധതികൾക്ക് സഹായം നൽകാൻ ധനകാര്യസ്ഥാപനങ്ങൾ മുന്നോട്ടുവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ട്. ഗവൺമെൻറിന് നേരിട്ട് വായ്പ എടുക്കാൻ വ്യവസ്ഥയില്ല. അതുകൊണ്ട് ഒരു കോർപ്പറേഷനോ മറേറതെങ്കിലും ഏജൻസിയോ രൂപീകരിക്കുന്ന കാര്യവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. അതുപോലെ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കൊണ്ട് മുടങ്ങിക്കിടക്കുന്ന വർക്കുകൾ ഒരു കോർപ്പറേഷൻെറയോ മറെറാരു ഏജൻസിയുടെയോ പരിധിയിൽകൊണ്ടുവന്ന് നിർമ്മിക്കാൻ പറ്റുമോയെന്ന് ഗവൺമെൻറ് പരിശോധിച്ചുവരുന്നുണ്ട്. ഇത്തരം റോഡുകളുടെയും പാലങ്ങളുടെയും പ്രാധാന്യം ഗവൺമെൻറ് കണക്കിലെടുത്തുകൊണ്ട് ചുരുങ്ങിയകാലം കൊണ്ട് വളരെയേറെ താൽപ്പര്യമെടുത്തുകൊണ്ട് നിർമ്മാണ പ്രവർത്തനം നടത്തിവരുന്നുണ്ട്. സാമ്പത്തികമായ ഞെരുക്കവും ബുദ്ധിമുട്ടും മാത്രമാണ് ഇതിനെല്ലാം തടസ്സമായി നിൽക്കുന്നത്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർമാർ പ്രകടിപ്പിച്ച വികാരങ്ങൾ പരിഗണിച്ച് ഏതു വിധത്തിൽ അതിനു പരിഹാരം കാണാൻ കഴിയുമെന്ന് ഗവൺമെൻറ് തീരുമാനമെടുക്കുന്നതാണ്.

(9) പാലങ്ങളുടെ പണി

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, കുന്നമംഗലം നിയോജകമണ്ഡലത്തിലെ മാങ്കാവ്, കണ്ണിപ്പറമ്പ് റോഡിലുള്ള വളരെ നേരത്തെ പ്രവൃത്തി തുടങ്ങിയ ഒരു പാലമാണ് പുറത്തേടത്തുകടവ്പാലം. മാങ്കാവ് കണ്ണിപ്പറമ്പ് റോഡിൻെറ പണി പൂർണ്ണമായും കഴിഞ്ഞിരിക്കുകയാണ്. ഒരു കോടിയിലധികം രൂപ ചെലവുചെയ്തുകൊണ്ട് നിർമ്മിച്ച ആ റോഡിൻെറ ഉപയോഗം ജനങ്ങൾക്ക് കിട്ടണമെങ്കിൽ പുറത്തേടത്ത് ഈ കടവ് പാലം പൂർത്തിയാകണം. അതു അടിയന്തിരമായി പൂർത്തിയാക്കിയാലേ അതിൻെറ പ്രയോജനം ജനങ്ങൾക്കുണ്ടാവുകയുള്ളൂ. അതിനാവശ്യമായ നടപടി സ്വീകരിക്കണം. അതിനാൽ ഈ പാലം പണി അടിയന്തിരമായി പൂർത്തിയാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്. അതുപോലെ തിരുവമ്പാടി കുന്നമംഗലം നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്ന ഒരു പാലമാണ് ഇടവഴിക്കടവ് പാലം. ആ പാലത്തിൻെറ പ്രവൃത്തിയും അന്ന് പ്രഖ്യാപിച്ചതനുസരിച്ച് ഇപ്പോൾ പൂർത്തിയാകേണ്ടതാണ്. ആ പാലത്തിൻെറ പ്രവൃത്തിയും പൂർത്തിയായിട്ടില്ല. തിരുവമ്പാടി–കുന്നമംഗലം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശത്തെക്കും മലപ്പുറം ജില്ലയിലേക്കും ഗവാളിയോർറയോൺസിനുമെല്ലാം വളരെ അത്യാവശ്യമായ ഒരു പാലമാണ് അത്. ആ പാലം പൂർത്തിയാക്കാനുള്ള നടപടിയും ഗവൺമെൻറ് അടിയന്തിരമായി സ്വീകരിക്കണം. അതുപോലെതന്നെ കുറങ്ങോട്ടു കടവു പാലം. കുന്നമംഗലം നിയോജകമണ്ഡലത്തിലെ കൊടുവള്ളി പഞ്ചായത്തും ചാത്തമംഗലം പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലം.

LIBRARY ARCHIVES Kerala Legislative Assembly

ഈ പാലത്തിനു നേരത്തെ തറക്കല്ലിട്ടതും ഇപ്പോഴും പണി പൂർത്തിയാക്കേണ്ടതുമാണ്. അതിന്റെ പണിയും പൂർത്തിയായിട്ടില്ല. അതും സംതംനേത്തിലാണ് നിൽക്കുന്നത്. ഈ പാലം ആർ. ഇ. സി. യുടെ തൊട്ടടുത്താണ്. വളരെ അത്യാവശ്യമുള്ള ഒരു പാലമാണത്. ആ പാലം പണിയും പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കണം. മറെറാന്ന് കുന്നമംഗലം തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തിരുവമ്പാടി പഞ്ചായത്തും മുക്കം പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന അഗസ്ത്യൻമൂഴി പാലം. ആ പാലം നിർമ്മിക്കുന്നത് പുഴമുക്കം പഞ്ചായത്തിലാണ്. ആ പാലത്തിന്റെ ഒരു കാല് തിരുവമ്പാടി നിയോജകമണ്ഡലത്തിലും ബാക്കി കുന്നമംഗലം നിയോജകമണ്ഡലത്തിലുമാണ് കെട്ടേണ്ടത്.

ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി : സർ, 1982-ൽ എം. എൽ. എ. റോഡിലുള്ള പാലമാണ് തിരുവമ്പാടി പാലം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, അക്കരെ തിരുവമ്പാടി എം. എൽ. എ. റോഡാണ്. ഇക്കരെ മുക്കം പഞ്ചായത്താണ്. ആ പാലം കെട്ടിയാൽ കുന്നമംഗലം മണ്ഡലത്തേക്കാൾ കൂടുതൽ തിരുവമ്പാടി പഞ്ചായത്തുകാർക്കാണ് വേണ്ടത് എന്നുള്ളതിൽ തർക്കമില്ല. അപ്പോഴും ആ പാലം ഒരു കോടി മൂന്നുലക്ഷത്തോളം രൂപ എസ്റ്റിമേറ്റ് ഉള്ളതാണ്. വളരെവേഗം അതിന്റെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ ചാത്തമംഗലം കുന്നമംഗലം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പാലമാണ് പെരുവഴിക്കടവ് പാലം. ചെറുപുഴയുമായി ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പാലമാണ്. ആ പാലം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്ന സമയത്ത് അതിന്റെ നടപടികളെല്ലാം പൂർത്തിയായിവരുന്നുവെന്നവിധത്തിൽ എനിക്ക് ഡിപ്പാർട്ടുമെൻറിൽനിന്ന് മറുപടിക്കത്ത് കിട്ടിയിരുന്നു. ആ പാലവും അടിയന്തിരമായി കെട്ടുന്നതിന് നടപടി സ്വീകരിക്കണം. പാലം കെട്ടുന്നതിന് ഗവൺമെൻറ് അമാന്തം കാണിക്കേണ്ട കാര്യമില്ല. കാരണം, പാലത്തിന് ചെലവാകുന്ന തുകയേക്കാൾ കൂടുതൽ ടോൾ പിരിച്ച് ഗവൺമെൻറിനു വരുമാനമുണ്ടാകുന്നുവെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് പാലം കെട്ടുന്ന കാര്യത്തിൽ ഗവൺമെൻറ് പിശുക്ക് കാണിക്കേണ്ട കാര്യമില്ല. ആ നിലയിൽ പൂർത്തിയാക്കേണ്ടത് പൂർത്തിയാക്കാനും തുടങ്ങേണ്ടത് തുടങ്ങാനും അടിയന്തിര നടപടി സ്വീകരിക്കണം.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി) : സർ, ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ റോഡുകളുടേയും പാലങ്ങളുടേയും കാര്യം സൂചിപ്പിച്ചു. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള എല്ലാ റോഡുകളും പാലങ്ങളും നിർമ്മിക്കണമെന്നുതന്നെയാണ് ആഗ്രഹം. പക്ഷേ ഈ സഭ പാസ്സാക്കിത്തരുന്ന തുകയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ ഗവൺമെൻറിനു ഈ കാര്യത്തിൽ ചെയ്യാൻ കഴിയുന്നുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിക്കുന്ന കാര്യങ്ങളെല്ലാം ഭംഗിയായി നിർവ്വഹിക്കാൻ കഴിയണമെങ്കിൽ ആവശ്യമായ തുക കൂടി ഈ സഭയിൽനിന്ന് പാസ്സാക്കിത്തരണം. ഞാൻ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പുറത്തേടത്തുകടവ് പാലത്തിന്റെ പണി പൂർത്തിയായി. അപ്രോച്ച് റോഡിന്റെ പണി പുരോഗതിയിലാണ്. 1996 മേയ് മാസത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് ഗവൺമെൻറ് പ്രതീക്ഷിക്കുന്നു. അപ്രോച്ച് റോഡിന്റെ സ്ഥലം മാങ്കാവ് ഭാഗത്തു മുഴുവനായി വിട്ടുകിട്ടാൻ താമസിച്ചതിനാലാണ് പണി ആരംഭിക്കാൻ താമസിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും സ്ഥലം കിട്ടാത്തതുകൊണ്ട് വളരെയേറെ കാലതാമസമുണ്ടാകുന്നു. അതിൽ ബഹുമാനപ്പെട്ട മെമ്പറൻമാർ പ്രത്യേകം താൽപ്പര്യം എടുക്കണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ഞാൻ ബന്ധപ്പെട്ടിട്ട് ആ സ്ഥലത്തിന്റെ പ്രശ്നം പരിഹരിച്ച് ഡിപ്പാർട്ടുമെന്റിന്റെ കൈയിൽ കിട്ടിയിട്ട് ഒരുവർഷത്തിലധികമായി.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഞാൻ ആദ്യം പറഞ്ഞു വളരെ പുരോഗതിയിലാണെന്ന്, ബഹുമാനപ്പെട്ട മെമ്പർ അത് ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു. മേയ്മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മൂന്ന് സ്പാനുകളുള്ള ഇടവഴിക്കടവ് പാലത്തിന്റെ ഒരു സ്പാൻ കോൺക്രീറ്റ് ചെയ്തുകഴിഞ്ഞു. രണ്ട് സ്പാൻ പൂർത്തീകരിക്കാനുണ്ട്. പണി പുരോഗതിയിലാണ്. 1996 ജൂൺ മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. കുറുങ്ങോട്ടുകടവ് പാലത്തിന്റെ സ്ലാബ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ചു റോഡിന്റെ പ്രവൃത്തി പുരോഗതിയിലാണ്. നാലുമാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. പെരുവഴിക്കടവ് പാലം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുന്നമംഗലം പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. ഈ പാലത്തിനുവേണ്ടിയുള്ള പ്രാഥമിക സർവേ തുടങ്ങേണ്ടിയിരിക്കുന്നു. അഗസ്ത്യൻമൂഴി പാലത്തിന്റെ ടെൻഡർ 5-3-1996-ന് കഴിഞ്ഞു. ഇത് ബഹുമാനപ്പെട്ട മെമ്പർ എ. വി. അബ്ദുറഹ്മാൻഹാജിയുടെകൂടി നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടതാണ്. ഏറ്റവും കൂടുതൽ ഭാഗവും ആ ഭാഗത്താണ് കിടക്കുന്നത്. എം.എൽ.എ. സൂചിപ്പിച്ചതുപോലെ 1982-ലെ എം.എൽ.എ. റോഡ് സ്കീമിൽപ്പെടുത്തിയതാണ്. ടെൻഡർ അംഗീകരിച്ചുകഴിഞ്ഞു. എഗ്രിമെന്റ് വച്ച് പണി തുടങ്ങാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മിക്കവാറും 23-ാം തീയതി അതിന്റെ പണി തുടങ്ങാൻ കഴിയുമോയെന്ന് ആലോചിക്കുന്നുണ്ട്. ഏതായാലും എത്രയും വേഗം അതിന്റെ പണി ആരംഭിക്കുന്നതാണ്. 8.98 കി.മീറ്റർ നീളമുള്ള വെങ്ങേരിമടം, ചാലക്കുടി, എരിമല, നാരക്കുഴി, കുളളിമാട് റോഡ് പൊതുമരാമത്ത് വകുപ്പ് 3-6-1991-ലാണ് ഏറ്റെടുത്തത്. 40 ലക്ഷം രൂപയുടെ ഭരണാനുമതി 28-8-1992-ൽ നൽകി. ഒന്നാം റീച്ചും മൂന്നാം റീച്ചും അഭിവൃദ്ധിപ്പെടുത്തുന്നതിന് പ്രത്യേകാനുമതി നൽകി. മൂന്നാം റീച്ചിന്റെ പണി വേഗതയിലാണ്. ടാറിംഗ് മാത്രമേ ബാക്കിയുള്ളൂ. രണ്ടാം റീച്ചിന്റെ അഭിവൃദ്ധിപ്പെടുത്തൽ പതിനഞ്ചിന പരിപാടിയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരികയാണ്. ചാലക്കുടി മുതൽ വളരെ ശോചനീയാവസ്ഥ ഉണ്ടായിരുന്ന 800 മീറ്റർ ഭാഗത്ത് നാലുലക്ഷം രൂപയുടെ പ്രവൃത്തി പ്രത്യേക അറ്റകുറ്റപ്പണിയിലുൾപ്പെടുത്തി ടാർ ചെയ്യുകയുണ്ടായി. നാരക്കുഴി മുതൽ കുളിമാടുവരെയുള്ള മൂന്നാംഘട്ടം 1996 മേയ് മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 4.689 കി. മീറ്റർ നീളമുള്ള മുക്കം-എറുമയൂർ റോഡ് ഏറ്റെടുത്ത് 27 ലക്ഷം രൂപയുടെ ഭരണാനുമതിയും 39 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 1-2-1994-ന് ആരംഭിച്ച ഈ പണിക്ക് 30-9-1996 വരെ പൂർത്തീകരിക്കാൻ സമയം നൽകിയിട്ടുണ്ട്. 600 മീറ്റർ ഒഴികെയുള്ള എല്ലാ ഭാഗങ്ങളിലും ഒന്നാം ഘട്ടം മെറ്റലിംഗ് പൂർത്തിയായി. രണ്ടാംഘട്ടം മെറ്റലിംഗ് നടന്നുവരുന്നു. കാലവർഷത്തിനു മുൻപ് ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മിക്ക വർക്കുകളും പുരോഗതിയിലാണെന്ന് ഇതിൽ നിന്ന് വളരെ വ്യക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly